# ഗ്രീക് പ്രധാനമന്ത്രിയുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ഓഗസ്റ്റ് 25, 2023

ഓഗസ്റ്റ് 25, 2023ന് ഏതെൻസിൽ വെച്ച് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഗ്രീസിന്റെ പ്രാധന മന്ത്രി ശ്രീ കിരിയാക്കോസ് മിറ്റസോഡോസ്കിയുമായി കൂടിക്കാഴച നടത്തി.

2 ഇരു നേതാക്കളും പരസ്പരം, പ്രതിനിധി തലത്തിൽ ചർച്ചകൾ നടത്തി. ഗ്രീസിൽ കാട്ടുതീ മൂലം ജീവനും വസ്തുവകക്കൾക്കും ഉണ്ടായ നാശനഷ്ടങ്ങളിൽ പ്രധാനമന്ത്രി അനുശോചനം രേഖപ്പെടുത്തി.

3 ചന്ദ്രയാൻ ദൗത്യത്തിന്റെ വിജയത്തിൽ പ്രധാനമന്ത്രി മിറ്റസോഡോസ്കി ഇത് മനുഷ്യരാശിയുടെ വിജയമാണെന്ന് വിശേഷിപ്പിച്ചു, ഇന്ത്യൻ പ്രധാനമന്ത്രിയെ അഭിനന്ദിച്ചു,

4 വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, നൂതനസാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ പേയ്മെന്റുകൾ, ഷിപ്പിംഗ് ,മരുന്ന് നിർമാണം, കൃഷി, മൈഗ്രേഷൻ, മൊബിലിറ്റി, ടൂറിസം, നൈപുണ്യ വികസനം, സംസ്കാരം, വിദ്യാഭ്യാസം, ജനങ്ങളുമായുള്ള ബന്ധം തുടങ്ങി ഉഭയകക്ഷി പങ്കാളിത്തത്തിന്റെ വിവിധ തലങ്ങൾ ചർച്ചയിൽ ഉൾപ്പെടുത്തി. യൂറോപ്യൻ യൂണിയൻ, ഇൻഡോ-പസഫിക്, മെഡിറ്ററേനിയൻ എന്നിവയുൾപ്പെടെ നാനാവിധ വിഷയങ്ങൾ അവർ ചർച്ച ചെയ്തു.

5 തങ്ങളുടെ സഹകരണം ശ്ക്തമാകാനും, ഈ ബന്ധം ഒരു 'തന്ത്രപരമായ പങ്കാളിത്ത'ത്തിലേക്ക് ഉയർത്താ നും ഇരുപക്ഷവും തീരുമാനിച്ചു.

**ഏതെൻസ്**
**ഓഗസ്റ്റ് 25, 2023**